പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3464 — 12.12.2014 ൽ മറുപടിയ്ക്ക്

# ഇടുക്കി കാർഷിക മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.കെ.ജയചന്ദ്രൻ<br>,, എസ്.രാജേന്ദ്രൻ<br>,, സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കിയിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ശുപാർശ ചെയ്ത കാർഷിക പാക്കേജ് എത്ര കോടി രൂപയുടേതായിരുന്നു; | (എ) 764.42 കോടി രൂപയുടെ പാക്കേജിനാണ് സ്വാമിനാഥൻ ഫൌണ്ടേഷൻ ശുപാർശ ചെയ്തത് |
| (ബി) 2008 ൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഒന്നാം ഘട്ടമായി നേടിയെടുത്ത പാക്കേജ് എത്ര കോടിയുടേതായിരുന്നു; ഇതിന്റെ കാലാവധി അവസാനിച്ചത് എപ്പോഴായിരുന്നു; കാലാവധിക്ക് മുമ്പായി കേന്ദ്രം അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി; അവശേഷിക്കുന്നവ എത്ര; | (ബി) 764.42 കോടി രൂപയുടെ പാക്കേജിനാണ് 2008 നവംബർ 20 ന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചത്. ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ.ചീഫ് സെക്രട്ടറി 29/4/2013-ൽ കാർഷിക ഉത്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ഈ കാലയളവിൽ കേന്ദ്രം അനുവദിച്ച (റിലീസ്) 237.78 കോടി രൂപയിൽ 70.59 ശതമാനം (167.86 കോടി രൂപ) വിനിയോഗിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 69.92 കോടി രൂപയാണ്. |
| (സി) ഏലം, കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി സഹായം വല്ലതും നൽകുകയുണ്ടായോ; | (സി) ഏലം കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി നാളിതുവരെ 88.60 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്. |
| (ഡി) അനുവദിച്ച് കിട്ടിയ പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു; ഇപ്പോൾ പാക്കേജിന്റെ സ്ഥിതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട് . 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിനു മാത്രമായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്ര വിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തി DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |

ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29/4/2013-ൽ കാർഷിക ഉത്പാദന കമ്മിഷണർക്ക് അയച്ച കത്ത്) കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ബഹു മുഖ്യമന്ത്രി 23/1/2014-ലും, 16/10/2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾകൊള്ളിച്ച് പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും, കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ. കെ. വി. വൈ പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു കേന്ദ്ര കൃഷി മന്ത്രി 13.11.14-ൽ ബഹു മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ് മൂലം ഗ്രാമീണ ഉപജീവനമാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

നിർവഹണ വകുപ്പ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധത്തിൽ കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Dept./Agency | Approved as per MSSRF Report | Projects prepared | Sanctioned | Released | Utilized |
|---|---|---|---|---|---|
| | | | Amount (Rs. in crores) | | |
| Agriculture | 10.2 | 7.999 | 5.40 | 3.4382 | 3.4382 |
| SHM | 17.68 | 40.970 | 31.301 | 27.472 | 27.111 |
| VFPCK | 2.59 | 0.467 | 0.467 | 0.467 | 0.467 |
| Minor Irrigation | 10 | 26.00 | 11.60 | 11.60 | 10.2761 |
| Animal Husbandry | 91.15 | 91.15 | 82.75 | 55.0487 | 46.9625 |
| Fisheries | 1.4 | 1.40 | 1.40 | 1.19 | 0.4041 |
| Spices Board | 194.05 | 201.58 | 167.95 | 90.95 | 92.59 |
| Tea Board | 30.5 | 0.00 | 6.70 | 6.70 | 6.70 |
| Coffee Board | 5.65 | 0.00 | 5.4185 | 5.4185 | 5.4185 |
| Coconut Development Board | 63.3 | 9.144 | 2.475 | 1.4750 | 1.4750 |
| LSGD | 80 | 188.57 | 66.41 | 2.93 | 0.7109 |
| Rural Development | 250 | 184.00 | 96.20 | 50.00 | 16.5308 |
| Forest | 5.4 | 0.00 | 3.79 | 3.79 | 3.7859 |
| Kerala Water Authority | 2.5 | | | | |
| **Total** | **764.42** | **751.28** | **481.86** | **260.483** | **215.87** |

സെക്ഷൻ ഓഫീസർ